"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എറണാകുളം ജില്ലയിലെ ആലുവയിൽ പ്രവർത്തിക്കുന്ന നജാത്ത് കോളേജ് ഓഫ് നഴ്സിംഗിൽ ബി.എസ്.സി. നഴ്സിംഗ് സീറ്റുകളുടെ എണ്ണം **40** ൽ നിന്നും **50** ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.**131/2026/H&FWD** തീയതി,തിരുവനന്തപുരം, **08-06-2026**

---

പരാമർശം:- 1. സ.ഉ.(പി.)നം. **64/2012**/ആ.കു.വ തീയതി **17.02.2012**

2. നജാത്ത് കോളേജ് ഓഫ് നേഴ്സിംഗ് പ്രിൻസിപ്പൽ സമർപ്പിച്ച **05.02.2026**-ലെ അപേക്ഷ.

3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ **01.04.2026**-ലെ ഡി.എം.ഇ/**1572/2026**-ബി **4** നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പരിശോധനാ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ആലുവയിൽ സ്ഥിതി ചെയ്യുന്ന നജാത്ത് ഹോസ്പിറ്റൽ മാതൃ ആശുപത്രിയായി പ്രവർത്തിക്കുന്ന നജാത്ത് കോളേജ് ഓഫ് നഴ്സിംഗിലെ ബി.എസ്.സി. നഴ്സിംഗ് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നജാത്ത് കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പരാമർശം **(2)** പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം **(1)** ഉത്തരവിലെ വ്യവസ്ഥ പ്രകാരം സ്ഥാപനത്തിൽ പരിശോധന നടത്തി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(3)** പ്രകാരം സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിൽ, സീറ്റുകളുടെ എണ്ണം **50** ആയി വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ ഭൗതിക, ക്ലിനിക്കൽ സൗകര്യങ്ങൾ ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ആലുവയിൽ സ്ഥിതി ചെയ്യുന്ന നജാത്ത് ഹോസ്പിറ്റൽ മാതൃ ആശുപത്രിയായി പ്രവർത്തിക്കുന്ന നജാത്ത് കോളേജ് ഓഫ് നഴ്സിംഗിലെ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം **40** ൽ നിന്നും **50** ആയി, **2026-27** അധ്യയന വർഷം

പ്രാബല്യത്തിൽ, ഉയർത്തിക്കൊണ്ട് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നു.

i. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ii. ബി.എസ്.സി (നേഴ്സിംഗ്) സീറ്റുകൾ സർക്കാർ മെറിറ്റ്, മാനേജ്മെൻ്റ് എന്നിങ്ങനെ വിഭജിച്ചുകൊണ്ട് ഓരോ അധ്യയന വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന 'സീറ്റ് മെട്രിക്സ് അനുസരിച്ച് മാത്രമേ അഡ്മിഷൻ നടത്തുവാൻ പാടുള്ളൂ.

iii. ബി.എസ്.സി. നേഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ സ്ഥാപനം നിർബന്ധമായും പാലിക്കേണ്ടതാണ്.

i v . പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ / കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

v. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യതാ പത്രം (Indian Nursing Council Suitability Certificate), കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ എന്നിവ ക്രമത്തിൽ നേടേണ്ടതാണ്. അതിനു ശേഷം മാത്രമേ 2026-27 അധ്യയന വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ സാധിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ, ന്യൂഡൽഹി.

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ, നജാത്ത് കോളേജ് ഓഫ് നഴ്സിംഗ്, ആലുവ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / കാര്യാലയ പകർപ്പ് (C3/40/2026-HEALTH)

പകർപ്പ് : ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

Signed by ഉത്തരവിൻ പ്രകാരം,
Rekha Johnson
Date: 09-06-2026 15:29:01

സെക്ഷൻ ഓഫീസർ